Vol-II, N0:7
20-02- - 2008

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**പ്രധാന വാർത്തകൾ**

01. ഇടതുപക്ഷ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് പ്രതികരിക്കണം: മെത്രാൻ സമിതി
02. നിശബ്ദരായി കഴിയണമെന്നത് അംഗീകരിക്കാനാവില്ല: മാർ പൗവ്വത്തിൽ
03. നൂറു ശതമാനം വിജയം അടിസ്ഥാന വിദ്യാഭ്യാസത്തെ തകർക്കും
04. ന്യൂനപക്ഷസംരക്ഷണം: വാക്കും പ്രവൃത്തിയും- മാർ ജോസഫ് പൗവ്വത്തിൽ.

**01. ഇടതുപക്ഷ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് പ്രതികരിക്കണം: മെത്രാൻ സമിതി.** (വീക്ഷണം 11-02-2008)

നിരീശ്വരത്വം വിതയ്ക്കുന്ന കമ്യൂണിസ്റ്റ് പാർട്ടികളെയും മതമൗലിക വാദത്തെയും കരുതിയിരിക്കാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറത്തിറക്കിയ ഇടയലേഖനം വിശ്വാസികളോട് ആഹ്വാനം ചെയ്തു. വിവിധ കത്തോലിക്കാ രൂപതകൾക്ക് കീഴിലുള്ള പള്ളികളിൽ വായിച്ച ഇടയലേഖനത്തിലാണ് ഇടതു സർക്കാരിന്റെ ക്രൈസ്തവ സഭകളോടും വിശ്വാസികളോടുമുള്ള നീതീകരിക്കാനാവാത്ത സമീപനത്തെ കടുത്ത ഭാഷയിൽ വിമർശിച്ചിരിക്കുന്നത്. ദൈവവിശ്വാസത്തിന് പകരം നിരീശ്വരത്വത്തിലും ഭൗതീകവാദത്തിലും അധിഷ്ഠിതമായ, അപകടകരമായ പ്രത്യയശാസ്ത്രങ്ങളെ പ്രതിഷ്ഠിക്കാനും സംഘടിതവും ബോധപൂർവ്വവുമായ ശ്രമം നടക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നതെന്ന് ഇടയലേഖനം വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. "സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും" നൽകുകയെന്ന ക്രിസ്തുവചനം പാലിക്കാൻ കടപ്പെട്ടവരാണ് വിശ്വാസികൾ. അതുകൊണ്ടുതന്നെ രാജ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ വിശ്വാസികൾ ബാധ്യസ്ഥരാണെന്നും ഇടയലേഖനം ചൂണ്ടിക്കാണിക്കുന്നു.

കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിരീശ്വരവാദം വിതച്ച ഭയാനകമായ ക്രൂരതയും അതിന്റെ പരാജയം ഓർമിക്കേണ്ടതാണ്. സത്യ-ധർമങ്ങളുടെ അളവുകോൽ പ്രത്യയശാസ്ത്രവും ഭരണാധികാരികളുമാണെന്ന അവസ്ഥ ഏതിർക്കപ്പെടണം. കമ്യൂണിസം വാഗ്ദാനം ചെയ്തത് പറുദീസയാണെങ്കിലും സൃഷ്ടിക്കപ്പെട്ടത് ഭീകരമായ നരകമാണ്. ജനാധിപത്യത്തിലൂടെ അധികാരത്തിൽ വരുമ്പോഴും ജനാധിപത്യ സംവിധാനങ്ങളോടും ജുഡീഷ്യറികൾ ഉൾപ്പെടെയുള്ള ഭരണഘടനാപരമായ സ്ഥാപനങ്ങളോടും കമ്യൂണിസ്റ്റ് പാർട്ടികൾ കാണിക്കുന്ന അസഹിഷ്ണുത അവരുടെ സർവാധിപത്യപരമായ പ്രവണതയെയാണ് വെളിപ്പടുത്തുന്നത്- ഇടയലേഖനം വിമർശിക്കുന്നു.

**02. നിശബ്ദരായി കഴിയണമെന്നത് അംഗീരിക്കാനാവില്ല-മാർ പൗവത്തിൽ.** (മാതൃഭൂമി 12-2-2008)

ഭാരതത്തിന്റെ മഹത്തായ ഭരണഘടനയും മൗലീകാവകാശങ്ങളും ആസൂത്രിതവും വ്യാപകവുമായി അട്ടിമറിക്കപ്പെടുമ്പോൾ മതങ്ങൾ നിശബ്ദരായിരിക്കണമെന്ന് പറയുന്നത് അംഗീകരിക്കാനാവില്ലെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷന്റെ ചെയർമാൻ ആർച്ച് ബിഷപ് ജോസഫ് പവ്വത്തിൽ പ്രസ്താവിച്ചു. ഇടയലേഖനങ്ങൾ അനാവശ്യമെന്നുള്ള സി.പി.എം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ നിലപാടിനോട് പ്രതികരിക്കുകയായിരുന്നു ആർച്ച് ബിഷപ്.

1945-ൽ സർ സി.പിയുടെ ഏകാധിപത്യ ഭരണത്തിനെതിരായും 1957-ൽ ആദ്യത്തെ കമ്യൂണിസ്റ്റ് സർക്കാരിന്റെ കാലത്തെ സെൽ ഭരണത്തിനെതിരായും 1972- ലെ കലാലയങ്ങളുടെ ദേശസാൽക്കരണത്തിനെതിരായും ജനാധിപത്യമുന്നേറ്റങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. വികസനത്തിലെന്നപോലെ ജനാധിപത്യസംരക്ഷണത്തിലും സാമൂഹികനീതി ഉറപ്പാക്കുന്നതിലും കേരളത്തിൽ മതസമുദായങ്ങൾ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. കേരളസർക്കാർ അധികാരത്തിലേറിയ നാൾ മുതൽ ഇക്കാലയളവുവരെ നിരന്തരമായ ചർച്ചകളും കൂടിയാലോചനകളും നടന്നെങ്കിലും ഒരു തീരുമാനം പോലും സർക്കാർ നടപ്പാക്കിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ചർച്ചകൾക്ക് ക്രൈസ്തവസഭകൾ എക്കാലവും സന്നദ്ധമാണ്. ജനാധിപത്യപരവും ഭരണഘടനാപരവുമായ അവകാശങ്ങൾ അംഗീകരിക്കാത്ത ചർച്ചകൾകൊണ്ട് കാര്യമില്ല. ചർച്ചകൾ ചർച്ചകൾക്കുവേണ്ടി മാത്രമായി ചുരുങ്ങുകയും പലതലത്തിലും പലരീതിയിലും മതവിശ്വാസം ആക്ഷേപിക്കപ്പെടുകയും മൗലീകാവകാശങ്ങൾ കൈയേറുകയും ചെയ്യപ്പെടുമ്പോൾ, തങ്ങളുടെ നിലപാടുകൾ പൊതുവേദിയിൽ അവതരിപ്പിക്കാൻ മതമേലദ്ധ്യക്ഷൻമാർ നിർബന്ധിതരാവുകയാണ്.

**03. നൂറുശതമാനം വിജയം അടിസ്ഥാന വിദ്യാഭ്യാസത്തെ തകർക്കും.** (ദീപിക 12-02-2008)

എസ്.എസ്.എൽ.സി നൂറു ശതമാനം വിജയം ആഘോഷിക്കാനുള്ള സർക്കാർ നീക്കം അടിസ്ഥാനവിദ്യാഭ്യാസ മേഖലയെ തകർക്കാനുള്ള ഗൂഢനീക്കമാണെന്ന ആക്ഷേപം വ്യാപകമായി. സി.ഇ (നിരന്തര മൂല്യനിർണ്ണയം)ക്കു മുഴുവൻ മാർക്കു നൽകുമ്പോൾ എഴുത്തു പരീക്ഷയ്ക്കു നാലരയും ഒമ്പതരയും മാർക്കു വാങ്ങിയാൽ കുട്ടികൾ എസ്.എസ്.എൽ.സി ജയിക്കുമെന്നതാണ് സ്ഥിതി. ഇതു പാഠവിഷയങ്ങളിൽ കുട്ടികൾക്കുള്ള താൽപര്യം കുറയ്ക്കുകയാണ്. എങ്ങിനെയും പത്താം ക്ലാസ് വിജയിച്ചാൽ മതിയെന്ന ധാരണ സാധാരണ വിദ്യാർത്ഥികളിൽ കൂടിവരികയാണെന്നും ഇതിനു പുതിയ മാർക്കു സംവിധാനം പ്രചോദനമാകുന്നുണ്ടെന്നും അധ്യാപകർ വിലയിരുത്തുന്നു. 50 ശതമാനത്തോളം കുട്ടികളും ഈ ചിന്താഗതിക്കാരാണ്.

തോട്ടം മേഖല ഉൾപ്പെടുന്ന ഗ്രാമപ്രദേശങ്ങളിലെ കുട്ടികളിലാണ് എങ്ങനെയും ജയിക്കുകയെന്ന ധാരണ ഏറെയുള്ളത്. ഈ മേഖലയിലാണ് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കുട്ടികൾ ഏറെയുള്ളതും. നഗര പ്രദേശങ്ങളിൽ സി.ബി.എസ്.ഇ, ഐ.സി.എസ്.സി സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്കും വർദ്ധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പാഠ്യേതര കാര്യങ്ങളിൽ കുട്ടികൾക്കുള്ള താൽപര്യം വർദ്ധിക്കുന്നത് പൊതുവിജ്ഞാനം വർദ്ധിപ്പിക്കുമെന്ന് പറയുന്നെങ്കിലും പാഠ്യവിഷയങ്ങളിൽ കുട്ടികൾ ഏറെ പിന്നോക്കം പോവുകയാണ്. ഭാഷ, സയൻസ്, കണക്ക് വിഷയങ്ങളിൽ കുട്ടികളുടെ അഭിരുചി കുറയ്ക്കാൻ പുതിയ സംവിധാനം ഇടയാക്കുന്നുണ്ട്.

സെമിനാർ, പ്രോജക്ട് തുടങ്ങിയവയാണ് സി.ഇയിൽ ഉള്ളത്. സി.ഇ മെച്ചപ്പെടുത്താൻ അധ്യാപകരും ഏറെ ശ്രമിക്കുന്നുണ്ട്. സി.ഇക്ക് മാർക്ക് കുറയ്ക്കാൻ അധ്യാപകരും തയാറാകുന്നില്ല. സി.ഇക്ക് നിശ്ചിത ശതമാനത്തിൽ താഴെ മാർക്കിന് ചോദ്യമുണ്ടാകാനുള്ള സാധ്യത മുന്നിൽക്കണ്ട് മുഴുവൻ കുട്ടികൾക്കും മുഴുവൻ മാർക്കും നൽകാനാണ് അധ്യാപകരും ശ്രമിക്കുന്നത്. എഴുത്തു വിഷയങ്ങളുടെ ഉത്തരക്കടലാസിൽ എന്തെങ്കിലും എഴുതിവച്ചാലും ജയിക്കുമെന്ന ധാരണ കുട്ടികളിൽ വർദ്ധിച്ചിട്ടുണ്ട്. എടിസ്ഥാനവിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച ഉന്നത വിദ്യാഭ്യാസത്തിനുള്ള സാധ്യത ഇല്ലാതാക്കും. ഇപ്പോഴത്തെ നൂറുശതമാനം വിജയം പദ്ധതിയുടെ ഹിഡൻ അജൻഡയും ഇതുതന്നെയാണ്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ ഇ.സി മാർക്ക് സംവിധാനം അധ്യാപകർ രഹസ്യമായി വച്ചിരിക്കയാണ്. വിജയിക്കാനുള്ള മിനിമം മാർക്കിന് ഇ.സിയുടെ മാർക്ക് പരിഗണിക്കാതിരുന്നാൽ പാഠ്യവിഷയങ്ങളിലും കുട്ടികൾക്ക് താൽപര്യം ഉണ്ടാകും.

**04. ന്യൂനപക്ഷസംരക്ഷണം: വാക്കും പ്രവൃത്തിയും - ആർച്ച് ബിഷപ് ജോസഫ് പൗവ്വത്തിൽ**

(തേജസ് 13-02-2008)

അടുത്തകാലത്തായി ചില രാഷ്ട്രീയക്കാർ തങ്ങളാണ് യഥാർത്ഥത്തിൽ ന്യൂനപക്ഷങ്ങളുടെ സുഹൃത്തുക്കളെന്ന് ഇടയ്ക്കിടെ പ്രഖ്യാപിക്കാറുണ്ട്. അതിന് ഉദാഹരണമായി പറയുന്ന ഒരു കാര്യം ഒറീസയിൽ ക്രിസ്ത്യാനികൾക്ക് പീഢനങ്ങളുണ്ടായപ്പോൾ അവരുടെ കേന്ദ്രനേതാക്കൻമാർ ഒറീസയ്ക്കു പോകാൻ സന്നദ്ധത പ്രകടിപ്പിച്ചു എന്നുള്ളതാണ്.

അതുപോലെ ഗുജറാത്തിലെ ക്രിസ്ത്യാനികൾക്കും അവർ പിന്തുണ നൽകി എന്നു പറയുന്നുണ്ട്. ഒരു നേതാവ് പറഞ്ഞതായി കേട്ടത്, ന്യൂനപക്ഷങ്ങൾക്കുവേണ്ടി ജീവൻപോലും ബലികഴിക്കാൻ സന്നദ്ധമായതു തങ്ങൾ മാത്രമാണെന്നാണ്. അത് എവിടെയാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. അത് എന്തെങ്കിലുമാകട്ടെ, ഇപ്പറഞ്ഞിടങ്ങളിലെല്ലാം ഭരണം നടത്തുന്നവർ തങ്ങൾക്കെതിരായതുകൊണ്ടല്ലേ ഇങ്ങനെയുള്ള പ്രകടനങ്ങൾ നടത്തിയത് എന്നൊരു സംശയം അവശേഷിക്കുന്നുവെന്നുമാത്രം.

ഇപ്പോൾ നടക്കുന്ന സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ച് മദർ തെരേസയുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നതായി കണ്ടു. അതുപോലെ തന്നെ പള്ളിയുടെയും മോസ്കിന്റെയുമെല്ലാം ചിത്രീകരണങ്ങളും. ഒരു വശത്ത്, ഈശ്വരനാമത്തിൽ നിയമസഭാംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുന്നത് അപമാനകരമാണെന്ന് പറഞ്ഞുവച്ചിട്ട് അധികകാലമായിട്ടില്ല. മറ്റൊരു എം.എൽ.എ കൂദാശ സ്വീകരിച്ചു എന്ന് ഒരാൾ പറഞ്ഞത് മോശമായി ചിത്രീകരിക്കപ്പെട്ടതും അടുത്തിടെയാണല്ലോ. ഒരു കാലത്ത് മദർ തെരേസയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ മുതലാളിത്തത്തെ നിലനിർത്തുന്നതിനാണെന്ന് പറഞ്ഞവർ മദറിന്റെ സംസ്കാരചടങ്ങുകൾ ആഘോഷമാക്കി. ഇപ്പോൾ ചിത്രങ്ങൾ സ്ഥാപിക്കുന്നു.

അതേസമയം കുറെ നാളുകളായി സഭാധ്യക്ഷൻമാരെയും പുരോഹിതരെയും മന്ത്രിമാരും നേതാക്കൻമാരും ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് നാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനസമ്മേളന റാലിയിൽ ചേർന്നു പോയവർ പുരോഹിതൻമാരെ അവഹേളിച്ചുള്ള പാട്ടുകൾ പാടി പോകുന്നതും കേൾക്കാൻ കഴിഞ്ഞല്ലോ. സഭയുടെ വിദ്യാലയങ്ങളിലെല്ലാം വിദ്യാഭ്യാസക്കച്ചവടമാണെന്ന വ്യാപകമായ ദുഷ്പ്രചരണവും നേതാക്കൻമാരും ആസ്ഥാനബുദ്ധിജീവികളും ചൊൽപ്പടിയിൽ നിൽക്കുന്ന മാധ്യമങ്ങളും ചേർന്നു നടത്തുന്നുണ്ട്. എന്നാൽ സഭാ ശുശ്രൂഷികൾ ആശയങ്ങളെയും പ്രവണതകളെയുമാണ് എതിർക്കുക. മന്ത്രിമാരെയും നേതക്കൻമാരെയും അവഹേളിക്കാൻ ഒരിക്കലും ശ്രമിക്കുന്നില്ല. അതവരുടെ ക്രിസ്തീയതയുടെ സ്വഭാവം മാത്രമാണ്.

ഭംഗിവാക്കുകളോ ചില അനുഭാവപ്രകടനങ്ങളോ അല്ല ന്യൂനപക്ഷങ്ങൾക്കാവശ്യം. അവരുടെ ന്യായമായ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടണം. ജനാധിപത്യമെന്തെന്നും മതവിശ്വാസങ്ങളുടെ മൂല്യമെന്തെന്നും അറിയാവുന്ന ഭരണഘടനാ നിർമാതാക്കൾ അംഗീകരിച്ച അവകാശങ്ങൾ എടുത്തുകളയാനുള്ള ശ്രമമാണല്ലോ ഈ സർക്കാരും ഭരണകക്ഷികളും ആദ്യം തന്നെ നടത്തിയത്. മതസമൂഹങ്ങളുടെ നിലനിൽപ്പ്, അവരുടെ ജീവിതദർശനവും ധാർമികതയുടെ സംസ്കാരവുമെല്ലാം ഫലപ്രദമായി തലമുറകൾ തോറും കൈമാറികൊടുക്കുന്നതിലൂടെയാണ്. ജന്മസിദ്ധമായ ഈ അവകാശം കവർന്നെടുക്കാൻശ്രമിക്കുകയും അതേ സമയം, ന്യൂനപക്ഷസ്നേഹിതരെന്നു പ്രചാരണം നടത്തുകയും ചെയ്യുന്നതിലെ പൊള്ളത്തരം മനസ്സിലാക്കാൻ ഇവിടുത്തെ ജനങ്ങൾക്കറിയാം. എല്ലാം സ്റ്റേറ്റ് ഉടമയിൽ വന്നു ചേർന്നാൽ മാത്രമേ സോഷ്യലിസം സ്ഥാപിക്കാൻ സാധിക്കൂ എന്ന പാർട്ടി നിലപാട് (ഉദാ: 1979-ൽ പാർട്ടി ഇറക്കിയ രേഖ) നിലവിലുള്ളപ്പോൾ ഭംഗിവാക്കുകൾ വിശ്വസിക്കാൻ ആർക്കും പ്രയാസമുണ്ടാകും- (മലയാളം, ഫെബ്രുവരി 2008). അവകാശം നിഷേധിക്കുക മാത്രമല്ല, ന്യൂനപക്ഷങ്ങളെ അടച്ചാക്ഷേപിക്കുകയും ചെയ്യുന്ന സമീപനമാണല്ലോ ഇന്നത്തെ ഭരണാധികാരികൾക്കുള്ളത്. ഭരണഘടനാനുസൃതമായ വിദ്യാഭ്യാസ സ്വാതന്ത്ര്യം നിഷേധിക്കുന്നതിനു പറയുന്ന കാരണങ്ങൾ തന്നെ സ്വകാര്യ ഏജൻസികളെ അപമാനിച്ചുകൊണ്ടാണ്. വിദ്യാഭ്യാസരംഗത്തെ അഴിമതി ഇല്ലാതാക്കാനാണെന്നു പറഞ്ഞാണല്ലോ സ്വാശ്രയനിയമത്തിലൂടെ ന്യൂനപക്ഷാവകാശവാദം നിഷേധിക്കാൻ ശ്രമിച്ചത്. അഴിമതിയാരോപണങ്ങളുടെ നടുവിൽ നിൽക്കുന്ന നേതാക്കളും ഉദ്യോഗസ്ഥരും ന്യൂനപക്ഷങ്ങളെ അവഹേളിച്ചു ബലിയാടുകളാക്കുകയാണ്.

സ്വകാര്യ വിദ്യാഭ്യാസരംഗത്താണല്ലോ ഈ ദുഷ്ട് കുമിഞ്ഞുകൂടിയിരിക്കുന്നത്? പാപമില്ലാത്തവൻ കല്ലെറിയട്ടെ എന്ന വേദവാക്യം കൂടി, വേദവാക്യങ്ങൾ ഉദ്ധരിക്കുന്ന ഭരണകർത്താക്കൾ വായിച്ചിരുന്നെങ്കിൽ നന്നായിരുന്നു. ന്യായമായ ഫീസ് നിശ്ചയിക്കാതെ, മറ്റു മാർഗ്ഗങ്ങളിലൂടെ വിദ്യാലയനടത്തിപ്പിനാവശ്യമായ വക കണ്ടെത്തേണ്ടിവരുന്ന സാഹചര്യം സൃഷ്ടിക്കുന്ന സർക്കാരാണ് വാസ്തവത്തിൽ വിദ്യാഭ്യാസരംഗത്ത് അഴിമതി നടക്കുന്നുവെങ്കിൽ ഉത്തരവാദി.

അതോടൊപ്പം സ്വാശ്രയസ്ഥാപനങ്ങളിൽ നിന്നും പലയിനങ്ങളിലായി വൻതുകകൾ വസൂലാക്കി സർവകലാശാലകൾക്കു മുതലാക്കുന്ന സർക്കാർ നടപടിയെക്കുറിച്ച് ആരും പറയുന്നില്ല അതും പകൽക്കൊള്ളയല്ലേ?

ഉന്നതവിദ്യാഭ്യാസരംഗത്തും സ്കൂൾ തലത്തിലും നടത്തുന്ന പരിഷ്കാകരമെന്നു പറഞ്ഞു കൊണ്ടുവരുന്നതെല്ലാം മാനേജ്മെന്റുകളെ നോക്കുകുത്തികളാക്കാനും എല്ലാം സർക്കാരിന്റെ പിടിയിലാക്കാനുമുള്ള ശ്രമങ്ങൾ മാത്രമാണ്. സ്വകാര്യവിദ്യാലയങ്ങൾ പ്രായോഗികമായി സർക്കാർ പിടിയിലായാൽ ഗുണനിലവാരം ഉയരുമെന്നു പറഞ്ഞാൽ കേരളത്തിൽ ആരും വിശ്വസിക്കില്ല. കേരളത്തിലെ സർക്കാർ വിദ്യാലയങ്ങളുടെ ഗുണനിലവാരമെന്താണ്? നല്ല സ്വഭാവരൂപവൽക്കരണവും ശിക്ഷണബോധവും ഉറപ്പിക്കുന്ന സ്വകാര്യ ഏജൻസികളെ ബലഹീനമാക്കുന്നത് സമുദായങ്ങൾക്ക് മാത്രമല്ല സംസ്ഥാനത്തിനു തന്നെ ഭാവിയിൽ വലിയ വിപത്തായി തീരും

ന്യൂനപക്ഷങ്ങളെ ആക്ഷേപിക്കുക മാത്രമല്ല, മറ്റ് സമുദായങ്ങളെ ന്യൂനപക്ഷങ്ങളിൽ നിന്ന് അകറ്റാനായാണ് ഇവിടെ ഇക്കൂട്ടർ വർഗ്ഗീയതയുടെ വാദം ഉന്നയിക്കുന്നത്. എന്നും ക്രൈസ്തവവിദ്യാലയങ്ങളിൽ മതബോധനവും നല്ല സ്വഭാവരൂപവത്ക്കരണവും നടത്തിയിരുന്നു. അതൊന്നും വർഗ്ഗീയതയ്ക്ക് ഇടയാക്കിയിട്ടില്ല. ഒരു പക്ഷേ കൂടുതൽ ക്രൈസ്തവ വിദ്യാലയങ്ങൾ ഉള്ള ഇടങ്ങളിലാണ് വർഗ്ഗീയത ഏറെ കുറഞ്ഞിരിക്കുന്നത്. ഈ നിലപാടുകൾ തുടരുന്നതിൽ മറ്റു മതങ്ങൾക്ക് എതിർപ്പില്ല. വർഗ്ഗീയത ഉണ്ടെന്നു വരുത്താൻ സിദ്ധാന്തവാദികളായ പാർട്ടിക്കാരാണ് ശ്രമിക്കുന്നത് എന്നതാണ് വിചിത്രമായിട്ടുള്ളത്. ഭംഗിവാക്കുകൾ കൊണ്ട് മയങ്ങുന്നവരുടെ കൂട്ടത്തിൽ ഇവിടുത്തെ ന്യൂനപക്ഷങ്ങൾ ഉണ്ടാവില്ല. അവർക്ക് ഭംഗിവാക്കുകളല്ല വേണ്ടത്. അവരുടെ താത്പര്യങ്ങളും മൗലീകാവകാശങ്ങളും നിലനിൽക്കണം. അവരുടെ നിലനിൽപ്പിന്റെ കാര്യമായ വിദ്യാഭ്യാസരംഗത്തുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടാൻ പാടില്ല. അതിന് സഹായിക്കുന്നവരെയാണ് ന്യൂനപക്ഷങ്ങൾ മിത്രങ്ങളായി കാണുന്നത്. ഇവിടുത്തെ ക്രൈസ്തവർക്ക് വിശ്വാസം അവരുടെ ജീവനാണ്. സഭ അവരുടെ മാതാവാണ്.

വിശ്വാസത്തെ ഹനിക്കുന്ന സംരംഭങ്ങളുമായി മുന്നോട്ട് പോകുന്നവരെ എതിർക്കാതെ വയ്യ. നിരീശ്വരത്വത്തെ അടിസ്ഥാനമാക്കി സമൂഹത്തെ മുഴുവൻ രൂപാന്തരപ്പെടുത്താൻ ശ്രമിക്കുന്നിടത്ത് മതവിശ്വാസികൾ അതിനെ എതിർക്കുക സ്വാഭാവികമാണ്. ഇവിടെയാണ് അടുത്തകാലത്തിറങ്ങിയ ഇടയലേഖനത്തിന്റെ പ്രസക്തി. മറ്റു പല രാജ്യങ്ങളിലും സംഭവിച്ചതുപോലെ അത്തരം നീക്കങ്ങളിൽനിന്ന് പാർട്ടികൾ പിന്മാറുകയാണ് ജനാധിപത്യത്തിനു ചേർന്നത്. അതുപോലെതന്നെ സഭയെ ബലഹീനപ്പെടുത്താനും സഭാശുശ്രൂഷികളെ ആക്ഷേപിക്കാനുമുള്ള ശ്രമങ്ങളെ എതിർക്കാതെയും വയ്യ. ഇത്തരം നയപരിപാടികളും പ്രവർത്തനശൈലിയും മാറിയാലെ ഏതെങ്കിലും പാർട്ടിയെ ന്യൂനപക്ഷങ്ങോട് അനുഭാവമുള്ളവരായിക്കാണാൻ കഴിയൂ. ആക്ഷേപിച്ചും അവകാശങ്ങൾ കയ്യേറിയും ഭീഷണിപ്പെടുത്തിയും ന്യൂനപക്ഷസംരക്ഷണം സാധിക്കില്ലല്ലോ. ന്യൂനപക്ഷങ്ങൾക്കു ഭദ്രതാബോധം ഉണ്ടാവുകയുമില്ല. അവരുടെ വിശ്വാസം സമാർജ്ജിക്കാനും പറ്റില്ല.

വാക്കുകളെക്കാൾ തുറന്ന മനോഭാവവും പ്രവൃത്തികളുമാണ് ആവശ്യം. വിദ്യാഭ്യാസ രംഗത്തുള്ള സ്വകാര്യ ഏജൻസികളെ പങ്കാളികളായിക്കാണാൻ കഴിയണം. തെറ്റുകളുണ്ടെങ്കിൽ സർക്കാരും വിദ്യാലയങ്ങളും അവ തിരുത്തണം; അസ്തിത്വം നിഷേധിക്കുകയല്ല വേണ്ടത്.